## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - അദ്ധ്യാപകവിഭാഗം - പൊളിറ്റിക്കൽ സയൻസ് വിഷയത്തിലെ സ്ഥലംമാറ്റം - 2015 - ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ഉത്തരവ് നമ്പർ എ.4/19788/2015/കോ.വി.വ. തീയതി: 09/06/2015

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1. സ.ഉ.(സാധാ)നം. 1244/15/ഉ.വി.വ. തീയതി 29.05.2015.

2. ശ്രീ.ഹരിഗോപാൽ (അസി. പ്രൊഫസർ, ഗവൺമെന്റ് വിക്ടോറിയ കോളേജ് പാലക്കാട്), ശ്രീ. അരുൺകുമാർ (അസി. പ്രൊഫസർ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്), ശ്രീമതി ജിഷ എബ്രഹാം (അസി. പ്രൊഫസർ, ഗവൺമെന്റ് കോളേജ്, ചിറ്റൂർ) എന്നിവരുടെ അപേക്ഷ.

## ഉത്തരവ്

പരാമർശം (2) പ്രകാരം വിവിധ സർക്കാർ കോളേജുകളിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗം അധ്യാപകരായ ശ്രീ. ഹരിഗോപാൽ, ശ്രീ. അരുൺകുമാർ, ശ്രീമതി. ജിഷാ എബ്രഹാം എന്നിവർ സ്ഥലംമാറ്റത്തിനു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

അപേക്ഷകളുടെ വിശദമായ പരിശോധനയ്ക്കുശേഷം പൊളിറ്റിക്കൽ സയൻസ് വിഭാഗം അദ്ധ്യാപകരായ ശ്രീ. ഹരിഗോപാൽ, ശ്രീ. അരുൺകുമാർ, ശ്രീമതി ജിഷ എബ്രഹാം എന്നിവർക്ക് ചുവടെ കാണുന്ന പ്രകാരം സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കപ്പെടുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീ. ഹരിഗോപാൽ എസ്.<br>ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട് | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ടി. രാജൻ പ്രിൻസിപ്പാളായി പ്രൊമോഷനായതുമൂലം ഉണ്ടായ ഒഴിവിൽ |
| 2 | ശ്രീ. അരുൺകുമാർ കെ.<br>തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് | പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിലെ ഡോ. ശ്രീ. ഹരിഗോപാൽ എസ്. ന് സ്ഥലംമാറ്റം അനുവദിച്ചത് മുലം ഉണ്ടായ ഒഴിവിൽ |
| 3 | ശ്രീമതി. ജിഷ എബ്രഹാം<br>ഗവൺമെന്റ് കോളേജ്, ചിറ്റൂർ | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഡോ. അരുൺകുമാർ കെ.യ്ക്ക് സ്ഥലംമാറ്റം അനുവദിച്ചത് മൂലം ഉണ്ടായ ഒഴിവിൽ |

സ്ഥലം മാറ്റി നിയമിക്കപ്പെട്ട അദ്ധ്യാപകർ സ്ഥലംമാറ്റി നിയമിക്കപ്പെട്ട സ്ഥാപനത്തിൽ ജോയിൻ ചെയ്തതു സംബന്ധിച്ച റിപ്പോർട്ട് ടി കോളേജിലെ പ്രിൻസിപ്പാൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ടി അദ്ധ്യാപകർക്ക് 'ജോയിനിംഗ് ടൈമിന്' അർഹത ഉണ്ടായിരിക്കുന്നതല്ല.

ഒപ്പ്/-
പി. ജയരാജ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)

പകർപ്പ്:
1. വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2. ബന്ധപ്പെട്ട പ്രിൻസിപ്പാൾ/ അദ്ധ്യാപകർ /അക്കൗണ്ടന്റ് ജനറൽ, കേരള,
2. നടപ്പ് ഫയൽ/കരുതൽ ഫയൽ

/അംഗീകാരത്തോടെ/



സൂപ്രണ്ട്

ടി.പി. 9.6.2015